# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 253 — 15.02.2013 ൽ - മറുപടിക്ക്

## ഭക്ഷ്യസബ്സിഡി തുക നേരിട്ട് അക്കൗണ്ടിൽ എത്തിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>,, സി.കെ. സദാശിവൻ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. ആർ. രാജേഷ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സബ്സിഡി നേരിട്ട് പണമായി ഉപഭോക്താക്കളുടെ അക്കൗണ്ടുകളിൽ എത്തിക്കാനുമുള്ള പദ്ധതി നടപ്പിലാക്കി ത്തുടങ്ങിയിട്ടുണ്ടോ; ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) നിലവിൽ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ട എ.പി.എൽ. കാർഡുകൾക്ക് നൽകി വരുന്ന സബ്സിഡി തുക ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എന്നുമുതൽ ഈ പദ്ധതി നടപ്പിൽ വരുത്തണം, എപ്രകാരമാണ് ഈ പദ്ധതി നടപ്പിൽ വരുത്തേണ്ടത്, ഏതേത് ബാങ്കുകൾ മുഖേനയാണ് സബ്സിഡി വിതരണം ചെയ്യേണ്ടത് തുടങ്ങിയ വിഷയങ്ങളിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ബി) സംസ്ഥാനത്തെ ദരിദ്രജനവിഭാഗങ്ങൾക്ക് സബ്സിഡി രഹിതനിരക്കിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ പണമുള്ളതായി കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ദരിദ്ര ജനവിഭാഗങ്ങൾക്ക് കൂടുതൽ ദുരിതം ക്ഷണിച്ചു വരുത്തുന്നതാണെന്ന കാര്യം പരിഗണിക്കുമോ;<br><br>(സി) ഭക്ഷ്യ സബ്സിഡി സംവിധാനത്തിലെ മാറ്റം കുടുംബങ്ങൾക്കുള്ളിൽ സൃഷ്ടിക്കുന്ന വിതരണ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ? | (ബി) & (സി) സബ്സിഡികളും ആനുകൂല്യങ്ങളും ഇല്ലാതാക്കാനല്ല മറിച്ച് യഥാർത്ഥ ഗുണഭോക്താവിന് അവ എത്തിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മണ്ണെണ്ണയുടെ കാര്യത്തിൽ ഒരു ക്വാർട്ടറിലേക്കുള്ള അർഹതപ്പെട്ട മണ്ണെണ്ണയുടെ വില മുൻകൂറായി ഉപഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുള്ളതിനാൽ ഈ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാകുകയില്ല. പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ